**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 179** **22-06-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്‌റഫ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ;വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** മഞ്ചേശ്വരം താലൂക്കിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 5 സർക്കാർ ആയുർവേദ ഡിസ്പെൻസറികളും ഒരു സർക്കാർ യുനാനി ഡിസ്പെൻസറിയും നാഷണൽ ഹെൽത്ത് മിഷനു കീഴിൽ 3 ആയുഷ് പി.എച്ച്.സി. കളും ഉൾപ്പടെ 9 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ ഗവ. ആയുർവേദ ഡിസ്പെൻസറി മീഞ്ച, പെർള, കുമ്പള, മംഗൽപ്പാടി എന്നീ സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ മീഞ്ച പഞ്ചായത്തിലെ മീഞ്ച സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ ആയുർവേദ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സാധ്യത ഭാരതീയ ചികിത്സാ വകുപ്പ് പരിശോധിച്ചു വരുന്നു. മഞ്ചേശ്വരം താലൂക്കിൽ പുതുതായി സർക്കാർ ആയുർവേദ ആശുപത്രി തുടങ്ങുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**